# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3311 18/02/2013-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി |
| എ) അവശതയനുഭവിക്കുന്ന കലാകാരൻമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ; വ്യക്തമാക്കാമോ ; | എ) സാമ്പത്തിക പ്രയാസമുള്ള കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസം ധനസഹായം, അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും അടിയന്തിര ചികിത്സാധനസഹായം എന്നിവ സർക്കാർ തലത്തിലും സിനിമാ കലാകാരന്മാർക്ക് പെൻഷൻ സംസ്ഥാന ചലച്ചിത്ര അക്കാദമി തലത്തിലും അംഗത്വമുള്ള സാംസ്കാരികപ്രവർത്തകർക്ക് പെൻഷൻ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തലത്തിലും നല്കിവരുന്നുണ്ട്.കൂടാതെ അശരണരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും വിവിധ അക്കാദമികൾ പരിമിതമായ രീതിയിൽ ചികിൽസാധനസഹായവും നൽകുന്നുണ്ട്. |
| ബി) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | ബി) 50 വയസ്സിന് മുകളിൽ പ്രായവും പ്രതിമാസം 750/- രൂപയിൽ കവിയാത്ത വരുമാനമുള്ള കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കുമാണ് ബന്ധപ്പെട്ട അക്കാദമികളുടെ ശുപാർശയനുസരിച്ച് പെൻഷൻ അനുവദിക്കുന്നത്. |
| സി) നിലവിൽ കലാകാരപെൻഷൻ പ്രതിമാസം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | സി) 550/- രൂപ .പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ഡി) 2012- ഏപ്രിൽ മുതൽ കലാകാര പെൻഷൻ വർദ്ധിപ്പിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; ഇക്കാര്യത്തിൽ എന്തു തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ഡി) 2012- ഏപ്രിൽ മുതൽ വർദ്ധിപ്പിച്ച രീതിയിൽ കലാകാര പെൻഷൻ നൽകുവാൻ സർക്കാർ ലക്ഷ്യമിട്ടിരുന്നു. ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പെൻഷൻ വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല. |

| | | | |
|---|---|---|---|
| ഇ) | കേന്ദ്രസർക്കാർ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര രൂപയാണ് നൽകുന്നതെന്ന് അറിയിക്കാമോ; | ഇ) | കേന്ദ്രസർക്കാർ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ട്. സംസ്ഥാന സർക്കാരുമായി (500/-രൂപ സംസ്ഥാനസർക്കാർ വിഹിതം) ചേർന്ന് ആകെ 4000/- രൂപ പ്രതിമാസം ധനസഹായം നൽകുന്നുണ്ട്. |
| എഫ്) | കേന്ദ്രസർക്കാരിന്റെ കലാകാരപെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | എഫ്) | പ്രതിമാസം 4000/- രൂപയിൽ കവിയാത്ത വരുമാനവും 58 വയസ്സിനു മുകളിൽ പ്രായവുമുള്ള വിവിധ കലാരംഗത്തുള്ളവർക്കാണ് സംസ്ഥാനസർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻ നൽകുന്നത്. |

Sheela

സെക്ഷൻ ഓഫീസർ